13103

# കേരള സർക്കാർ

നമ്പർ.18129/ഡി. ഡി 3/12/തസ്വഭവ.

തദ്ദേശസ്വയംഭരണ (ഡി ഡി) വകുപ്പ്

തിരുവനന്തപുരം, തീയതി. 03.04.2012

27 APR 2012

## സർക്കുലർ

വിഷയം: തദ്ദേശ സ്വയംഭരണ വകുപ്പ് - സാമൂഹിക സാമ്പത്തിക ജാതി സെൻസസ്- വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ജനറൽ ട്രാൻസ്ഫർ- എന്യൂമറേറ്റർമാരെ വിടുതൽ ചെയ്യുന്നത് -സംബന്ധിച്ച്

സൂചന: 1. 15.03.2012 ലെ സ. ഉ. (പി). നമ്പർ 67/2012/തസ്വഭവ സർക്കാർ ഉത്തരവ്

2. ഗ്രാമവികസന കമ്മീഷണറുടെ 14.03.2012 തീയതിയിലെ 4745/എസ് ഇ സി സി/2012/സിആർഡി നമ്പർ കത്ത്.

സൂചന (1) പ്രകാരം കേരളത്തിൽ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് എന്യൂമറേഷൻ 2012 ഏപ്രിൽ 10-ാം തീയതി മുതൽ മേയ് 25-ാം തീയതി വരെ നടക്കുന്ന വിവരം എസ് ആർ ഒ നമ്പർ 169/2012 പ്രകാരം സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥരെയും ഹൈസ്കൂൾ/ഹയർസെക്കണ്ടറി അദ്ധ്യാപകരെയുമാണ് എന്യൂമറേറ്റർമാരായും സൂപ്പർവൈസർമാരായും നിയമിച്ചിട്ടുള്ളത്. കേരളത്തിലെ വിവിധ സർക്കാർ വകുപ്പുകളിലും സ്കൂളുകളിലും ജനറൽ ട്രാൻസ്ഫർ നടക്കുന്നതും ഈ കാലയളവിലാണ്.

സൂചന (2) പ്രകാരം സാമൂഹിക സാമ്പത്തിക ജാതി സെൻസസ് എന്യൂമറേഷൻ ജോലിയ്ക്കായി നിയമിയ്ക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകരെയും ഉദ്യോഗസ്ഥരെയും ജനറൽ ട്രാൻസ്ഫറിനെ തുടർന്ന് അതത് ആഫീസുകളിൽ നിന്നും സ്കൂളുകളിൽ നിന്നും വിടുതൽ ചെയ്യുന്നത് സെൻസസിനെ ദോഷകരമായി ബാധിക്കുമെന്ന് സംസ്ഥാന സാമൂഹിക സാമ്പത്തിക ജാതി സെൻസസ് നോഡൽ ആഫീസർ കൂടിയായ ഗ്രാമവികസ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, എന്യൂമറേഷൻ ജോലിയിൽ നിയമിതരായിട്ടുള്ള റിസർവ്വ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കും അദ്ധ്യാപകർക്കും ട്രാൻസ്ഫർ ഉത്തരവാകുന്നപക്ഷം, എസ് ഇ സി സി എന്യൂമറേഷൻ പൂർത്തിയാക്കി എന്ന് ബന്ധപ്പെട്ട ചാർജ് ആഫീസർ നൽകുന്ന ഡ്യൂട്ടി സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ വിടുതൽ ചെയ്യേണ്ടതുള്ളൂവെന്ന് ഇതിനാൽ നിർദ്ദേശം നൽകുന്നു.

കെ.ജയകുമാർ

ചീഫ് സെക്രട്ടറി

To

1. എല്ലാ ഗവൺമെന്റ് സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും ഡെപ്യൂട്ടി സെക്രട്ടറിമാർക്കും അണ്ടർ സെക്രട്ടറിമാർക്കും

2. എല്ലാ വകുപ്പ് മേലധികാരികൾക്കും, ആഫീസുകൾക്കും

Endt. No. E5-13103/12 dated.

Copy forwarded to all Heads of offices for information and necessary action.

3. ഗവ. സെക്രട്ടേറിയറ്റിലെ (എല്ലാ സെക്ഷനുകൾക്കും) എല്ലാ വകുപ്പുകൾക്കും

4. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

5. രജിസ്ട്രാർ, കേരള/കോഴിക്കോട്/ എം ജി/കണ്ണൂർ/സംസ്കൃതം സർവ്വകലാശാലകൾ

6. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ

7. സെക്രട്ടറി, കെ എസ് ഇ ബി

8. ജനറൽ മാനേജർ, കെ എസ് ആർ റ്റി സി

9. രജിസ്ട്രാർ, കേരള ഹൈക്കോടതി എറണാകുളം

10. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ

11. കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

12. കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

13. പ്രതിപക്ഷനേതാവ്

14. ഗവൺമെന്റ് ചീഫ് വിപ്പ്

15. പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം

16. എല്ലാ പൊതുമേഖലാ സ്ഥാപന മേലധികാരികൾക്കും

17. എല്ലാ ജില്ലാ കളക്ടർമാർക്കും

18. എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ മേയർമാർക്കും/ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

19. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/ സെക്രട്ടറിമാർക്കും

20. എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ ചെയർപേഴ്സന്മാർക്കും/ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

21. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും/ സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

22. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

23. കരുതൽ ഫയൽ/ ആഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ